പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1179

3.12.2015 ലെ മറുപടിയ്ക്ക്

## വിദ്യാഭ്യാസഅവകാശനിയമം

| | ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br><br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) യും (ബി) യും | കേന്ദ്രവിദ്യാഭ്യാസഅവകാശനിയമപ്രകാരം സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന പൊതു ആവശ്യമുന്നയിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ നിരവധി മാനേജർമാർ ഫയൽ ചെയ്ത WP(C) 3060/15, WP(C)10896/15 തുടങ്ങിയ നിരവധി ഹർജികളിൽ 18.06.2015 ന് ബഹു. ഹൈക്കോടതി പൊതുവിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിയിൽ സ്കൂൾമാപ്പിംഗ് നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാനും അതിനനുസൃതമായി അപേക്ഷ ക്ഷണിക്കുവാനുള്ള മാനദണ്ഡങ്ങൾ രൂപവത്ക്കരിക്കുവാനും നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ പ്രസ്തുത വിധിക്കെതിരെ മാനേജർമാർ സുപ്രീംകോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ഇനിയും വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ബഹു.സുപ്രീംകോടതി മുമ്പാകെ പ്രമതി എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ട്രസ്റ്റ് ഫയൽ ചെയ്ത WP(C)416/12 നമ്പർ ഹർജിയിൽ 6.5.2014 ന് പുറപ്പെടുവിച്ച വിധിയിൽ മൈനോറിറ്റി സ്കൂളുകളെ ആർ.റ്റി.ഇ. ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിധി സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | കോടതിവിധിയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ